LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭ്യമാക്കിയിട്ടില്ല.

(ബി&സി) കൃഷിഭവൻമുഖേന നെൽകൃഷി ചെയ്യുതിന്റെ ക്ലെയിമുകൾ പാടശേഖര സമിതി നല്കുന്നമുറയ്ക്ക് പ്രോജക്ട് പ്രകാരമുള്ള ഒന്നാംവിള കൃഷി ചെയ്യുതിനുള്ള ധനസഹായം സമിതിക്ക് നല്കുന്നതാണ്. അതിൻപ്രകാരം ക്ലെയിം സമർപ്പിക്കാൻ കൃഷി ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻതന്നെ ഇുക വിതരണം ചെയ്യുന്നതാണ്.

നീര ഉല്പാദനം

101 (2734) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉൽപ്പാദനത്തിനും പ്രചരണത്തിനുമായി മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉൽപ്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 22-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉല്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്നു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ പൈലറ്റ് യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന നീര (കേരാമൃതം) വിപണനം നടത്തുന്നത് നാളികേര വികസന കോർപ്പറേഷനിലൂടെയാണ്. പൈലറ്റ് പ്രോജക്ടിനായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്കും 180 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷനും നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര പടന്നക്കാട് കാർഷിക കോളേജിലേയും നീലേശ്വരം ഗവേഷണ കേന്ദ്രത്തിലേയും സെയിൽസ് കൗണ്ടർവഴി വിതരണം ചെയ്യുന്നു.

(സി) തെങ്ങിന്റെ നാടൻ ഇനങ്ങളും സങ്കര ഇനങ്ങളുമാണ് നീര ഉല്പാദനത്തിന് കൂടുതൽ അനുയോജ്യമായിട്ടുള്ളത് എന്നാണ് കാർഷിക സർവ്വകലാശാലയിൽനിന്നും അറിയിച്ചിരിക്കുന്നത്. അനുയോജ്യമായ ഇനങ്ങളും പ്രദേശങ്ങളും കണ്ടെത്തുന്നതിനുള്ള ഗവേഷണം ആരംഭിച്ചിട്ടുണ്ട്.

നെൽ കർഷകർക്കുള്ള ആനുകൂല്യം

102 (2735) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നേമം കൃഷിഭവനിലെ ഉദ്യോഗസ്ഥർ നെൽവയലുകൾ നികത്താൻ താൽപ്പര്യപ്പെടുന്ന ചില ഭൂവുടമകളുടെ സഹായത്തോടെ നെൽകൃഷി അട്ടിമറിക്കുന്നതായും രണ്ടാംവിള കൃഷി ചെയ്യാത്തവർക്ക് പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കാനായി ശുപാർശകൾ നൽകുന്നതായുമുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരാതികളിന്മേൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നെൽകൃഷിയുമായി ബന്ധപ്പെട്ട് കോലിയക്കോട് പാടശേഖര സമിതിയുടെ പേരിലുള്ള ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്വേഷണം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly